**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2259** **30-09-2025-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ തീപിടിത്തം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ഡോ. എം. കെ. മുനീർ

ഡോ. എം. കെ. മുനീർ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എൻ. ഷംസുദ്ദീൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷായോജന ബ്ലോക്കിലെ അത്യാഹിത വിഭാഗത്തിൽ ഉണ്ടായ പൊട്ടിത്തെറിയുടെയും ഇതേ കെട്ടിടത്തിലെ മറ്റൊരു നിലയിൽ തീപിടിത്തം ഉണ്ടായതിന്റെയും കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** 06-05-2025 തീയതിയിലെ G.O.(Rt)No.1246/2025/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് സബ് കളക്ടറുടെ അധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

**(ബി)** ഇക്കാര്യത്തിലെ അന്വേഷണം നടത്തിയത് ആരാണെന്നും അവരുടെ നിഗമനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

**മറുപടി:** ഈ വിഷയം അന്വേഷിക്കുന്നതിനായി സർക്കാർ തലത്തിൽ രണ്ട് കമ്മിറ്റികളാണ് രൂപീകരിച്ചിട്ടുള്ളത്.

03-05-2025 തീയതിയിലെ സ.ഉ.(സാധാ) നം.1236/2025/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡോ.ടി.കെ.ജയകുമാർ, സൂപ്രണ്ട്, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം; ഡോ.രെഞ്ചു രവീന്ദ്രൻ, പ്രൊഫസർ & വകുപ്പ് മേധാവി, ഫോറൻസിക് വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം; ഡോ.രവീന്ദ്രൻ സി., പ്രൊഫസർ, ജനറൽ സർജ്ജറി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ; ഡോ.മുരളി സി.പി., അസോഷ്യേറ്റ് പ്രൊഫസർ, പൾമണറി മെഡിസിൻ, സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ; ഡോ.രാധിക, സൂപ്രണ്ട്, സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ എന്നീ ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

06-05-2025 തീയതിയിലെ G.O.(Rt)No.1246/2025/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് സബ് കളക്ടറുടെ അധ്യക്ഷതയിൽ, ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട്; എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി (ഇലക്ട്രോണിക്സ് ) കോഴിക്കോട്; എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി (സിവിൽ) കോഴിക്കോട്; എക്സിക്യൂട്ടീവ് എൻജിനീയർ, പിഡബ്ല്യുഡി (ഇലക്ട്രിക്കൽ), കോഴിക്കോട്; ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കോഴിക്കോട്; ജില്ലാ ഫയർ ഓഫീസർ,

കോഴിക്കോട്; ജില്ലാ ഹസാർഡ് അനലിസ്റ്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കോഴിക്കോട് എന്നിവരെ അംഗങ്ങളാക്കി ഒരു കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയുമാണ്.

**(സി)** ആശുപത്രികളിലെ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ആശുപത്രികളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ Code Grey Protocol നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ സംവിധാനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനായി പ്രധാന ആശുപത്രികളിൽ Gap Analysis നടത്തിയിരുന്നു. അതിലൂടെ CCTV, Fire Safety Systems, Command Centre, Power Backup, Security Staff തുടങ്ങിയ മേഖലകളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

സുരക്ഷാ സംവിധാനങ്ങളുടെ നിലവാരം ഉയർത്തുന്നതിന് KSDMA, Fire & Safety, പോലീസ് വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടെ സാങ്കേതിക മാർഗ്ഗനിർദേശത്തോടെ സുരക്ഷാ ഓഡിറ്റുകൾ നടത്താൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ Code Grey Protocol നടപ്പാക്കുന്നതിനായി ₹2 കോടി വകയിരുത്തി, അതിൽ നിന്ന് വിവിധ ആശുപത്രികൾക്ക് സുരക്ഷാ അടിസ്ഥാന സൗകര്യങ്ങൾക്കായി ഫണ്ടുകൾ അനുവദിക്കുകയും ചെയ്തിരുന്നു.

ഈ ഫണ്ടുകൾ ഉപയോഗിച്ച് CCTV ക്യാമറകൾ സ്ഥാപിക്കൽ, പാനിക് അലാറം സിസ്റ്റങ്ങൾ ഒരുക്കൽ, തുടങ്ങിയ നടപടികൾ നടപ്പാക്കിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി CCTV, Panic Alarm, Walkie-Talkie, Monitoring System, Mock Drill & Training എന്നിവ നടപ്പാക്കാൻ പദ്ധതിയുണ്ട്.

കൂടാതെ, സുരക്ഷാ ഓഡിറ്റുകൾ സ്ഥിരമായി നടത്തുകയും, സ്ഥാപന തലത്തിൽ Action Plan തയാറാക്കുകയും വേണമെന്ന നിർദ്ദേശവും ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. ഇതിലൂടെ ആശുപത്രികളിലെ സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും അടിയന്തര സാഹചര്യങ്ങളിൽ വേഗത്തിൽ പ്രതികരിക്കാൻ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആശുപത്രികളിൽ സുരക്ഷാ ഓഡിറ്റ് നടത്തുവാനും, ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുവാനും അത്യാവശ്യ സ്ഥലങ്ങളിൽ CCTV ക്യാമെറകൾ കൂടുതലായി സ്ഥാപിക്കുവാനും ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**